## കാറ്റഗറി നമ്പർ : 028/2022 – 030/2022

താഴെപ്പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ വെബ്സൈറ്റ് വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ് .

### പാർട്ട് II (തസ്തികമാറ്റം മുഖേനയുള്ള നിയമനം)

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | വനം |
| 2. | ഉദ്യോഗപ്പേര് | : | ബീറ്റ് ഫോറസ്റ്റ് ഓഫീസർ<br>കുറിപ്പ് :-ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല. |
| 3. | ശമ്പളം | : | **₹ 20,000 – 45,800/– (PR)** |
| 4. | നിയമനരീതി | : | തസ്തികമാറ്റം വഴിയുള്ള നിയമനം (ജില്ലാ അടിസ്ഥാനത്തിൽ) |
| (i) | കാറ്റഗറി നമ്പർ: **028/2022** | : | വനം വകുപ്പിലെ എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ്/ ഫോറസ്റ്റ് ഡ്രൈവർ എന്നീ തസ്തികകളിൽ വിജയകരമായി പ്രൊബേഷൻ പൂർത്തിയാക്കിയവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം. |
| (ii) | കാറ്റഗറി നമ്പർ: **029/2022** | : | വനം വകുപ്പിലെ ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ/ ട്രൈബൽ വാച്ചർ എന്നീ തസ്തികകളിൽ വിജയകരമായി പ്രൊബേഷൻ പൂർത്തിയാക്കിയവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം. |
| (iii) | കാറ്റഗറി നമ്പർ: **030/2022** | : | വനം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ (ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ/ട്രൈബൽ വാച്ചർ ഒഴികെ) വിജയകരമായി പ്രൊബേഷൻ പൂർത്തിയാക്കിയവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം. |

കുറിപ്പ്:

(i) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ സ്പെഷ്യൽ റൂൾ ഭേദഗതി സർക്കാരിന്റെ പരിഗണനയിലായതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതിയ്ക്കു ശേഷം റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ പുതിയ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നികത്തുന്നതായിരിക്കും.

(ii) നിയമനാധികാരി തസ്തികമാറ്റം വഴി, മേൽ സൂചിപ്പിച്ച മൂന്ന് വിഭാഗങ്ങൾക്കുള്ള ഒഴിവുകൾ (10% വീതം തരം തിരിച്ച്) കണക്കാക്കി കമ്മീഷനെ അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്യുന്നതാണ്.

(iii) 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 2-ാം ഭാഗം 14 മുതൽ 17 വരെ വിവരിച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ ഈ വിജ്ഞാപനത്തിന് ബാധകമല്ല.

(iv) തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമനശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

**5.** ഒഴിവുകളുടെ എണ്ണം : ജില്ലാ അടിസ്ഥാനത്തിൽ

| ക്രമ നം. | ജില്ലയുടെ പേര് | ഒഴിവുകളുടെ എണ്ണം | | |
|---|---|---|---|---|
| | | കാറ്റഗറി I | കാറ്റഗറി II | കാറ്റഗറി III |
| 1 | തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 2 | കൊല്ലം | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 3 | പത്തനംതിട്ട | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 4 | കോട്ടയം | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 5 | ഇടുക്കി | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 6 | എറണാകുളം | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 7 | തൃശ്ശൂർ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 8 | പാലക്കാട് | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 9 | മലപ്പുറം | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 10 | കോഴിക്കോട് | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 11 | വയനാട് | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 12 | കണ്ണൂർ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| 13 | കാസറഗോഡ് | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |

കുറിപ്പ്:

(i) 30.08.2010 തീയതിയിലെ GO (P) No.60/2010/F&WLD (SRO No 861/2010), 20.09.2014 തീയതിയിലെ GO(P)No.84/2014/F&WLD (SRO No.574/2014) എന്നീ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(ii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലിയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

*(iii)* ഈ വിജ്ഞാപനപ്രകാരം ജില്ലാ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുകയില്ല. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തുന്നതാണ്.

*(iv)* നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും അപേക്ഷിക്കുന്നവർ ഈ രണ്ടു വിഭാഗങ്ങളിലേക്കുമുള്ള അപേക്ഷകൾക്ക് ഒരേ ജില്ല തന്നെ തിരഞ്ഞെടുക്കണമെന്നില്ല. എന്നാൽ ഒരേ ജില്ലയിലേയ്ക്കോ വ്യത്യസ്ത ജില്ലകളിലേയ്ക്കോ അപേക്ഷ അയയ്ക്കുന്നവർ ഓരോ വിഭാഗത്തിനും പ്രത്യേകം അപേക്ഷകൾ അയക്കേണ്ടതാണ്. ഇപ്രകാരം ഒരു ഉദ്യോഗാർത്ഥി രണ്ടു വിഭാഗത്തിലേക്കുമുള്ള റാങ്ക് പട്ടികകളിൽ ഉൾപ്പെടുകയും ഏതെങ്കിലുമൊരു റാങ്ക് പട്ടികയിൽ നിന്നും നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുകയും ചെയ്താൽ ആ ഉദ്യോഗാർത്ഥിയുടെ പേര് അടുത്ത വിഭാഗത്തിലെ റാങ്ക് പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

(v) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ *27.05.1971*-ലെ *GO(Ms)No.154/71/PD*.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം *02.01.1961*-ലെ *GO(Ms)No.4/61/PD* യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

(vi) ഉദ്യോഗാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി തെളിയിക്കുന്നതിനു റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

**6.** പ്രായപരിധി : **01.01.2022** ന് 40 വയസ്സ് പൂർത്തിയാകാൻ പാടില്ല. മറ്റ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവ് ലഭിക്കുന്നതാണ്.

**7. യോഗ്യതകൾ:**

(1) വിദ്യാഭ്യാസ യോഗ്യതകൾ:

കേരള സർക്കാരിന്റെ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്ലസ് ടു പരീക്ഷ വിജയിച്ചിരിക്കണം അല്ലെങ്കിൽ കേരള/ഭാരത സർക്കാർ അംഗീകരിച്ച തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം.

കുറിപ്പ് : *(a) 30.08.2010* ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചവരെ സംബന്ധിച്ചിടത്തോളം അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി യോ തത്തുല്യയോഗ്യതയോ ആയിരിക്കും.

*(b) KS & SSR Part II Rule 10(a) (ii)* ബാധകമാണ്.

*(c)* ഈ നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾക്ക് പകരം തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

(2) പുരുഷ/വനിതാ ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന യോഗ്യതകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

**(a)** പുരുഷ ഉദ്യോഗാർത്ഥികൾ:-

(i) ശാരീരിക യോഗ്യതകൾ : ഉയരം കുറഞ്ഞത് 168 സെ.മീ, നെഞ്ചളവ് കുറഞ്ഞത് 81 സെ.മീറ്ററും പൂർണ്ണ ഉച്ഛ്വാസത്തിൽ 5 സെ.മീ വികാസവും.

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് *160* സെ.മീ ഉയരം മതിയാകുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്കും നെഞ്ചളവിൽ കുറഞ്ഞത് *5* സെ.മീ വികാസം എന്ന നിബന്ധന ബാധകമാകുന്നതാണ്.

(ii) കായികക്ഷമതാ പരീക്ഷ

എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും പുരുഷൻമാർക്കുള്ള നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന **8 (എട്ട്)** ഇനങ്ങളിൽ ഏതെങ്കിലും **5 (അഞ്ച്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.2 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.2 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.6 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

(iii) എൻഡ്യൂറൻസ് ടെസ്റ്റ് :-

എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും 2 കിലോമീറ്റർ ദൂരം 13 (പതിമൂന്ന്) മിനിറ്റിനുള്ളിൽ ഓടി വിജയകരമായി പൂർത്തിയാക്കണം.

**(b)** വനിതാ ഉദ്യോഗാർത്ഥികൾ **:**

(i) ശാരീരിക യോഗ്യതകൾ: ഉയരം കുറഞ്ഞത് 157 സെ.മീ

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് **150** സെ.മീ ഉയരം മതിയാകുന്നതാണ്.

(ii) കായികക്ഷമതാ പരീക്ഷ:

എല്ലാ വനിതാ ഉദ്യോഗാർത്ഥികളും നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വനിതകൾക്കുള്ള വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന **9 (ഒൻപത്)** ഇനങ്ങളിൽ ഏതെങ്കിലും **5 (അഞ്ച്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| **ക്രമ നമ്പർ** | **ഇനങ്ങൾ** | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 106 സെ.മീ |
| 3 | ലോംഗ് ജമ്പ് | 305 സെ.മീ |
| 4 | പുട്ടിംഗ് ദ് ഷോട്ട്(4000 ഗ്രാം) | 400 സെ.മീ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |

| | | |
|---|---|---|
| 6 | ത്രോയിംഗ് ദി ത്രോബാൾ | 1400 സെ.മീ |
| 7 | ഷട്ടിൽ റേസ് (4 x 25 m) | 26 സെക്കന്റ് |
| 8 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 9 | സ്കിപ്പിങ്ങ് (1 മിനിറ്റ്) | 80 തവണ |

**(iii)** എൻഡ്യൂറൻസ് ടെസ്റ്റ് :–

എല്ലാ വനിതാ ഉദ്യോഗാർത്ഥികളും 2 കിലോമീറ്റർ ദൂരം 15 (പതിനഞ്ച്) മിനിറ്റിനുള്ളിൽ ഓടി വിജയകരമായി പൂർത്തിയാക്കണം.

കുറിപ്പ്: ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ് കായികക്ഷമതാ പരീക്ഷ/എൻഡ്യൂറൻസ് ടെസ്റ്റിന് മുന്നോടിയായി നടത്തുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിലോ എൻഡ്യൂറൻസ് ടെസ്റ്റിലോ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**(3)** മെഡിക്കൽ നിലവാരം

എല്ലാ പുരുഷ/വനിതാ ഉദ്യോഗാർത്ഥികൾക്കും താഴെ പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം.

(i) ചെവി : നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.

(ii) കണ്ണ് : കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| സി) | കളർവിഷൻ | സാധാരണ | |
| ഡി) | നിശാന്ധത | ഇല്ലാതിരിക്കണം | |

(iii) **പേശികളും സന്ധികളും:** തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതു മായിരിക്കണം.

(iv) നാഡീവ്യൂഹം: പൂർണ്ണ ക്ഷമതയുള്ളതും പകർച്ചവ്യാധികളിൽ നിന്നും വിമുക്തവുമായിരിക്കണം.

**കുറിപ്പ്:** ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ,

അംഗവൈകല്യം, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

ശാരീരിക ക്ഷമതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ/ എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് ഹാജരാക്കേണ്ടതാണ് കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്.

## FORM OF MEDICAL CERTIFICATE

I have this day, medically examined Sri/Smt/Kum ........................................................ (Name & Address) and found that his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervous system is perfectly normal and free from any infectious diseases which would render him/her unsuitable for government services. He/She is free from physical defects such as Knock- knee, Flat foot, Varicose vein, bow legs, deformed limbs, irregular and protruding tooth, defective speech and hearing. His/her age according to his/her own statement is ................... and by appearance is ..................................... and his/her standards of vision is as follows.

**Standards of Vision**

(without glasses)

| | **Right Eye** | **Left Eye** |
|---|---|---|
| (i) Distant Vision | ............Snellen | ........... Snellen |
| (ii) Near Vision | ............Snellen | ........... Snellen |
| (iii) Field of Vision | ..................... | |

(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

(iv) Colour Vision ................................

(v) Night Blindness ................................

(vi) Squint ................................

(vii) Any morbid condition of the eyes or lids of either eye .........

He/She is physically fit for the post of Beat Forest Officer in the Forest Department.

Place: Signature

Date : Name and Designation of the Medical Officer

*(Office Seal)*

<u>കുറിപ്പ്:</u>

കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്', 'ഗുഡ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ *(Better/Worse Standards of Vision)* ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8.** ബീറ്റ് ഫോറസ്റ്റ് ആഫീസർ (തസ്തികമാറ്റം) തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷം ഏതെങ്കിലും ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിൽ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികളുടെ പ്രൊബേഷൻ റദ്ദാക്കുന്നതും അവരെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതുമായിരിക്കും.

**9.** തസ്തികമാറ്റം വഴി ജോലിയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**10.** ഈ വിജ്ഞാപനപ്രകാരം കായികക്ഷമതാ പരീക്ഷ വിജയിക്കുന്ന ഉദ്യോഗാർത്ഥികൾ താഴെ കാണുന്ന മാതൃകയിലുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് അവരവരുടെ പ്രൊഫൈലിൽ Upload ചെയ്യേണ്ടതും, അതിന്റെ അസ്സൽ സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## <u>SERVICE CERTIFICATE</u>

| | | |
|---|---|---|
| 1. | Name of Candidate | : |
| 2. | Name of Post now held by the applicant with scale of Pay | : |
| 3. | Name of Department in which now working | : |
| 4. | Name of service to which the applicant belongs | : |
| 5. | Date of Commencement of service and date of commencement of probation | : |
| 6. | Whether the applicant is probationer/approved probationer/ Full member | : |

7. Whether SC/ST/OBC :

8. Religion & Sub caste :

9. Service Particulars :

| Sl No | Name of Post held | Period | | Length of Service | | | Date of Declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Years | Month | Days | |
| | | | | | | | |
| **Total Service** | | | | | | | |

Certified that the above details in respect of Sri...................................................... who is a probationer/approved probationer/Full member of the ……………………………. (Name of service) have been verified by me with the service particulars as given in the Service Book of the candidate and that they are found correct.

Place: Signature

Date: Name and Designation of the Head of Office

(Office Seal)

**11. അപേക്ഷ സമർപ്പിക്കുന്ന രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **'Apply Now'** -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-നോ അതിനുശേഷമോ എടുത്തതായിരിക്കണം. 01.01.2022 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്തിട്ടുള്ള ഫോട്ടോഗ്രാഫ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. **Application link click** ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി

സമർപ്പിക്കേണ്ടതാണ്. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. അവസാന തീയതിക്കു ശേഷം അപേക്ഷയിൽ മാറ്റം വരുത്താനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**12.** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

**13.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **30.03.2022** ബുധനാഴ്ച രാത്രി 12 മണി വരെ

**14.** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**(വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)**

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**